**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1806** **15-03-2022 - ൽ മറുപടിയ്ക്ക്**

**പിരിച്ചുവിടപ്പെട്ട എം പാനൽ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യിൽ നിന്നും എത്ര എം പാനൽ ജീവനക്കാരെയാണ് പിരിച്ചുവിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ബഹു. ഹൈക്കോടതിയുടെ WA 104/2019, 2248/2018 തുടങ്ങിയ കേസുകളിലേയും അനുബന്ധ കേസുകളിലേയും വിധിന്യായത്തിൽ 179 ദിവസത്തിലധികം ദിവസ വേതനാടിസ്ഥാനത്തിൽ ജോലിയിൽ തുടർന്നു വന്നിരുന്ന താത്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ നിർദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 7808 ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. |
| (ബി) | ജോലിയിൽ പ്രവേശിക്കുമ്പോൾ നൽകിയിരുന്ന ഡെപ്പോസിറ്റ് തുക ജോലിയിൽ നിന്നും നീക്കം ചെയ്യുമ്പോൾ പൂർണ്ണമായും തിരികെ നൽകിയിരുന്നോ; വിശദമാക്കാമോ; | (ബി) | ജോലിയിൽ പ്രവേശിക്കുമ്പോൾ നൽകിയിരുന്ന ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കുവാനായി അപേക്ഷ നൽകിയവരിൽ ആർക്കെങ്കിലും എതിരെ ബാദ്ധ്യത ഉണ്ടെങ്കിൽ, ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് തുക തിരികെ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് ടെർമിനേഷൻ ലെറ്റർ ലഭിക്കാത്തതുമൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന പുതിയ ജോലികൾക്ക് ശ്രമിക്കുന്നതിന് കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇപ്രകാരം ഒരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ജോലി നഷ്ടപ്പെട്ട ഈ ജീവനക്കാർക്ക് ഉപാധികളില്ലാതെ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിനും ജോലിയിൽ നിന്ന് വിടുതൽ നൽകി പുതിയ ജോലികൾക്ക് ശ്രമിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഇപ്രകാരം ഒരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ